കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യാവസായിക പരിശീലന വകുപ്പ് - പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്തുന്ന പദ്ധതി നടപ്പിലാക്കുന്ന നാല് ഐ.ടി.ഐ. കളിൽ രണ്ടു പുതിയ ട്രേഡുകൾ SCVT യിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (സാധാ) നം.1319/2012/തൊഴിൽ തിരുവനന്തപുരം, തീയതി-23.8.2012.

---

പരാമർശം - വ്യാവസായിക പരിശീലന വകുപ്പ ഡയറക്ടറുടെ 11.7.2012 ലെ SIC/17778/12-ാം നമ്പർ കത്ത്.

## *<u>ഉത്തരവ്</u>*

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്തുന്ന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിൽപ്പെട്ട കഴക്കൂട്ടം ഐ.ടി.ഐ., കോഴിക്കോട് (വനിത) ഐ.ടി.ഐ. ആറ്റിങ്ങൽ ഐ.ടി.ഐ. കോഴിക്കോട് ഐ.ടി.ഐ. എന്നിവിടങ്ങളിൽ മൂന്ന് മാസ ദൈർഘ്യമുള്ള 'ഹോംനഴ്സ്, സെക്യൂരിറ്റി സർവ്വീസസ്' എന്നീ പുതിയ ട്രേഡുകൾ SCVT യിൽ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നും പ്രസ്തുത ട്രേഡുകൾ ആരംഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണത്തിനായി ആകെ 20,29,482/-രൂപ അനുവദിക്കണമെന്നും പരാമർശം കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. ട്രെയിനിംഗ് ഡയറക്ടറുടെ മേൽ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. (വനിത) കഴക്കൂട്ടം, ഐ.ടി.ഐ. (വനിത) കോഴിക്കോട് എന്നിവിടങ്ങളിൽ 'ഹോംനഴ്സ് ട്രേഡും' ഐ.ടി.ഐ. ആറ്റിങ്ങൽ, ഐ.ടി.ഐ. കോഴിക്കോട് എന്നിവിടങ്ങളിൽ സെക്യൂരിറ്റി സർവ്വീസസ് ട്രേഡും ആരംഭിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ട്രേഡുകൾ ആരംഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണത്തിനായി ആകെ 20,29,482/-രൂപ (ഇരുപത് ലക്ഷത്തി ഇരുപത്തിഒൻപതിനായിരത്തി നാനൂറ്റി എൺപത്തി രണ്ട് രൂപാ മാത്രം) '2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐസ്-34-ഒ.സി-03-പ്ലാൻ-2012-13' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

4. പ്രസ്തുത ട്രേഡുകളിലെ പരിശീലനത്തിനായി അതാത് ഐ.ടി.ഐ. കളിൽ രൂപീകരിച്ചിട്ടുള്ള IMC മുഖാന്തിരം നിശ്ചിത ഫീസ് പരിശീലനാർത്ഥികളിൽ നിന്ന് ഈടാക്കി ആ വരുമാനം ഉപയോഗിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ഗസ്റ്റ് പരിശീലകരെ നിയമിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി. ബാബു,
അഡീഷണൽ സെക്രട്ടറി.

✓ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് ഫയൽ.

ഉത്തരവിൻ പ്രകാരം,

[signature]
സെക്ഷൻ ഓഫീസർ.

ENDORSEMENT: ON. SK/2089/2012 dtd 05/09/2012

Copy to 1) ADT For Information and Necessary Action.
2) JD(T) - With instruction to take urgent action to Procure the tools and equipments
3) The principals of ITIs Attingal, Kozhikkode (W) Kozhikkode, (W) Kazhakkuttom.
4) D.D.(T) For Information and necessary action.
5) Dy SAA For Information and necessary action
6) D.D. (P) For Information and necessary action
7 All Sections

Sd/-
Director of Training

Approved For Issue [signature] 6/9/12
Joint Director RDR